# GOVERNMENT OF KERALA

## Abstract

Disaster Management Department - State Disaster Response Fund Norms- Declaration of Coastal High - Tide Flooding/Sea Incursion as State Specific Disaster - Notified - Orders issued.

## DISASTER MANAGEMENT (A) DEPARTMENT

G.O.(Ms)No.5/2026/DMD Dated,Thiruvananthapuram, 30-01-2026

Read 1 G.O.(Rt) No. 6/2023/DMD dated 18.06.2023

2 G.O.(Ms) No.1/25/DMD dated 09.01.2025

3 Letter No. MTO IV/2037/2025Admin dated 12.10.2025 of Commissioner, Disaster Management.

## ORDER

As per order read as 1 st paper above, Government had revised the norms of relief assistance as approved by the Government of India in the wake of notified natural disasters with effect from 01.04.2022. State specific disasters within the local context in the State, which are not included in the notified list of disasters eligible for assistance from State Disaster Response Fund/National Disaster Response Fund, can be met from State Disaster Response Fund (SDRF) within the limit of 10% of the annual funds allocation of respective window of the State Disaster Response Fund (SDRF).

2. Damages caused by floods are treated as disasters and financial assistance is provided in accordance with the State Disaster Response Fund (SDRF) norms. However, since tidal rise is a routine natural phenomenon, it is not practicable to declare normal tidal rise as a disaster under State Disaster Response Fund (SDRF) norms, and hence financial assistance

cannot be provided under those norms. As per letter read as 3rd paper above, the Disaster Management Commissioner has clarified that the mode of occurrence of flooding (such as extremely heavy rainfall, tidal rise, waves, release of water from dams, urban water logging, swell waves, melting of snow layers, cyclone-induced abnormal waves, etc.) does not lead to any variation in the assistance provided. In this context, Section 2(d) of the Disaster Management Act provides that if flooding caused by tidal rise adversely affects a community and results in loss of life, livelihood, and living conditions, such a natural phenomenon can be considered a disaster.

3. As per the CRZ Notification, the High Tide Line (HTL) is the legally defined coastal line determined using precise scientific methods. Water intruding beyond the High Tide Line generally constitutes dangerous sea incursion exceeding the normal high-tide range. Due to high tide, seawater rises and enters residential areas through the adjoining rivers, backwaters and canals. Along the Kerala coast, particularly in areas such as Vypin, Chellanam, Edakochi and Perumbadappu in the Kochi Corporation Division and Kumbalanghi Panchayat, recurrent tidal flooding caused by seawater ingress occurs frequently in several coastal regions. This has been observed to cause extensive damage to residential areas and infrastructure. It is a serious natural phenomenon that directly affects the lives, livelihoods, and living conditions of fishermen, coastal agricultural sectors, coastal residents, and small traders. Therefore, based on the High Tide Line (HTL), the natural phenomenon termed “Coastal High-Tide Flooding/Sea Incursion” falls within the scope of the definition of “disaster” under the Disaster Management Act in our State and hence can be declared as a State-Specific Disaster. Due to deficiencies in land use (houses/structures located in floodplains and river/water body puramboke lands) and factors such as siltation and reduced depth of rivers and lakes, flooding problems are now occurring during tidal rise in a manner not previously experienced. Unlike

rainfall-induced flooding, tidal flooding is a hazard that can occur throughout the year, which further enhances the relevance of declaring it as a State-Specific Disaster.

4. The Government have examined the matter in detail and are pleased to order that the damages to life, property, livelihoods, and infrastructure caused by waves intruding from the sea to the land beyond the High Tide Line (HTL), or by the flooding resulting therefrom shall be termed as Coastal High-Tide Flooding / Sea Incursion and shall be declared as a State-Specific Disaster. Therefore the financial assistance, similar to that provided to natural disaster victims under State Disaster Response Fund (SDRF) norms and as per the Government Order read as 2nd paper above shall also be granted to victims of Coastal High-Tide Flooding/Sea Incursion.

(By order of the Governor)
M G RAJAMANICKAM
SECRETARY

To:
The Secretary, National Disaster Management Authority (NDMA), Ministry of Home Affairs, Govt. of India, NDMA Bhawan, A-1, Safdarjung Enclave, New Delhi - 110029

All Secretaries of the Secretariat.

The Commissioner, Disaster Management, Thiruvananthapuram
The Resident Commissioner, 3, Jantar Mantar Road, Kerala House, New Delhi- 110001

The Principal Accountant General (Audit), Kerala
The Accountant General (A&E), Kerala

General Administration(SC)Department(Item No )

All District Collectors

All District Treasury Officers

The Member Secretary, Kerala State Disaster Management Authority

The Information officer, Web & New Media, I&PRD

All Departments

Stock File / Office Copy

Forwarded /By order

Signed by Vincent U
Date: 30-01-2026 17:37:51
Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 28-01-2026

ഫയൽ നം. ഡിഎം.എ1/223/2025/ഡി.എം.ഡി. ഇനം നം: 3603

വിഷയം : ദുരന്ത നിവാരണ വകുപ്പ് - High Tide Line (HTL)-നെ അടിസ്ഥാനമാക്കിക്കൊണ്ട്, ആ രേഖയെ മറികടന്നുള്ള തിരമാലകളോ അതെത്തുടർന്നുള്ള വെള്ളപ്പൊക്കമോ കാരണം ഉണ്ടാകുന്ന നാശനഷ്ടങ്ങളെ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ്.

3603

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡിഎം.എ 1/223/2025 -ഡി.എം.ഡി. |
| 2. | വകുപ്പ് | ദുരന്ത നിവാരണ (എ) വകുപ്പ് |
| 3. | വിഷയം | High Tide Line (HTL) നെ അടിസ്ഥാനമാക്കിക്കൊണ്ട്, ആ രേഖയെ മറികടന്നുള്ള തിരമാലകളോ അതെത്തുടർന്നുള്ള വെള്ളപ്പൊക്കമോ കാരണം ഉണ്ടാകുന്ന നാശനഷ്ടങ്ങളെ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20/01/2026 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ബിന്ദു സി. വർഗ്ഗീസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം. ജി. രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 24/01/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25/01/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 27/01/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27/01/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# <u>മന്ത്രിസഭായോഗത്തിനായുള്ള കുറിപ്പ്</u>

High Tide Line (HTL) നെ അടിസ്ഥാനമാക്കിക്കൊണ്ട്, ആ രേഖയെ മറികടന്നുള്ള തിരമാലകളോ അതെത്തുടർന്നുള്ള വെള്ളപ്പൊക്കമോ കാരണം ഉണ്ടാകുന്ന നാശനഷ്ടങ്ങളെ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്

**2.** ദുരന്ത നിവാരണ നിയമം, 2005 സെക്ഷൻ 2(d), 'ദുരന്തം' എന്നതിന് നൽകിയിട്ടുള്ള നിർവചനം ഇപ്രകാരമാണ്;

*"Disaster means a catastrophe, mishap, calamity or grave occurrence affecting any area from natural and man-made causes, or by accident or negligence, which results in substantial loss of life or human suffering or damage to, and destruction of property, or damage to, or degradation of environment and is of such a nature and magnitude as to be beyond the capacity of the community of the affected areas."*

**3**. ദുരന്തം മൂലം നാശനഷ്ടം ഉണ്ടാകുമ്പോൾ നൽകുന്ന ദുരിതാശ്വാസം ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് നൽകുന്നത്. 18/06/2023 ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ)നം.6/2023/ഡിഎംഡി പ്രകാരം സംസ്ഥാന സർക്കാർ SDRF മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാനങ്ങൾക്ക് അവരുടെ സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ച് ചില പ്രതിഭാസങ്ങളെ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കാനും, അതനുസരിച്ച് സഹായം അനുവദിക്കാനും അധികാരമുണ്ട്. കേരളത്തിൽ മനുഷ്യ-വന്യജീവി സംഘർഷം, സോയിൽ പൈപ്പിങ്, അതിശക്തമായ കാറ്റ്, തീരശോഷണം, ഇടിമിന്നൽ എന്നിവ സംസ്ഥാന സവിശേഷ ദുരന്തങ്ങൾ ആയി അംഗീകരിച്ചിട്ടിട്ടുണ്ട്. SDRF മാനദണ്ഡങ്ങൾ പ്രകാരം SDRF-ന്റെ 10% തുക വരെ സംസ്ഥാനങ്ങൾക്കു "State Specific Disaster" നായി വിനിയോഗിക്കാവുന്നതാണ്.

4. വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടങ്ങൾ ദുരന്തമായി കണക്കാക്കപ്പെടുകയും, SDRF മാനദണ്ഡപ്രകാരം ധനസഹായം നൽകുകയും ചെയ്യുന്നു. എന്നാൽ വേലിയേറ്റം ഒരു ദൈനംദിന പ്രകൃതി പ്രതിഭാസമായതിനാൽ SDRF മാനദണ്ഡങ്ങൾ പ്രകാരം, സാധാരണ വേലിയേറ്റം ഒരു ദുരന്തമായി പ്രഖ്യാപിക്കുക പ്രായോഗികമല്ല. ആയതിനാൽ SDRF മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം നൽകാൻ കഴിയുകയില്ല. വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടങ്ങൾ ദുരന്തമായി കണക്കാക്കപ്പെടുകയും, മാനദണ്ഡപ്രകാരം ധനസഹായത്തിന് അർഹത ലഭിക്കുകയും ചെയ്യുമെന്നും, വെള്ളപ്പൊക്കം ഉണ്ടാകുന്ന രീതി (അതിതീവ്ര മഴ, വേലിയേറ്റം, തിരകൾ, അണക്കെട്ട് തുറക്കൽ, നഗര ജലക്കെട്ട്, കള്ളക്കടൽ, മഞ്ഞു പാളികളുടെ ഉരുകൽ, ചുഴലിക്കാറ്റ് മൂലമുള്ള അസാധാരണ തിരമാലകൾ എന്നിവ) അനുസരിച്ച് ധനസഹായം വ്യത്യാസപ്പെടുന്നില്ല എന്നും ദുരന്തനിവാരണ കമ്മിഷണർ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വേലിയേറ്റം മൂലമുണ്ടാകുന്ന വെള്ളപ്പൊക്കം ഒരു ജനസമൂഹത്തെ പ്രതികൂലമായി ബാധിക്കുകയും ജീവനും ജീവനോപാധിക്കും ജീവിത സാഹചര്യങ്ങൾക്കും നഷ്ടം വരുത്തുകയും ചെയ്താൽ ആ പ്രകൃതി പ്രതിഭാസത്തെ ഒരു ദുരന്തമായി കണക്കാക്കാവുന്നതാണ് എന്ന് ദുരന്തനിവാരണ നിയമം സെക്ഷൻ 2d വ്യവസ്ഥ ചെയ്യുന്നു.

5. High Tide Line -നെ അടിസ്ഥാനമാക്കിക്കൊണ്ട്, ആ രേഖയെ മറികടന്നുള്ള തിരമാലകളോ അതെത്തുടർന്നുള്ള വെള്ളപ്പൊക്കമോ കാരണം ഉണ്ടാകുന്ന നാശനഷ്ടങ്ങളെ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

6. ഈ വിഷയം ദുരന്തനിവാരണ വകുപ്പ് വിശദമായി പരിശോധിച്ചു. CRZ Notification പ്രകാരം കൃത്യമായ ശാസ്ത്രീയ രീതി ഉപയോഗിച്ച് നിശ്ചയിച്ചിരിക്കുന്ന നിയമപരമായ തീരരേഖയാണ് High Tide Line (HTL). ഹൈ ടൈഡ് ലൈനിനെ (HTL) അതിക്രമിച്ച് കടന്നുവരുന്ന വെള്ളം സാധാരണ ഹൈടൈഡ് റേഞ്ച് -നെ കടന്നുള്ള അപകടകരമായ കടൽ കടന്നുകയറ്റം ആണ്. വേലിയേറ്റം മൂലം കടൽ വെള്ളം ഉയർന്ന് സമീപത്തെ പുഴകളിലൂടെയും കായലുകളിലൂടെയും തോടുകളിലൂടെയും ജനവാസ

കേന്ദ്രങ്ങളിലേക്ക് കയറുന്നു. കേരള തീരങ്ങളിൽ പ്രത്യേകിച്ച് വൈപ്പിൻ, ചെല്ലാനം, കൊച്ചികോർപ്പറേഷൻ ഡിവിഷനിലെ ഇടക്കൊച്ചി, പെരുമ്പടപ്പ്, കുമ്പളങ്ങി പഞ്ചായത്ത് ഉൾപ്പെടെ നിരവധി തീര പ്രദേശങ്ങളിൽ വേലിയേറ്റം മൂലമുള്ള കടൽ കടന്ന് കയറ്റം (recurring tidal flooding) നിരന്തരം സംഭവിക്കുന്നു. ആയത് അവിടുത്തെ വാസ സ്ഥലങ്ങൾക്കും, അടിസ്ഥാന സൗകര്യങ്ങൾക്കും വ്യാപക നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നതായി കാണുന്നു. ഇത് മത്സ്യതൊഴിലാളികൾ, കടൽത്തീര കൃഷി മേഖല, തീരവാസികൾ, ചെറിയ വ്യാപാരികൾ എന്നിവരുടെ ജീവനെയും, ഉപജീവനത്തെയും, ജീവിത സാഹചര്യങ്ങളെയും നേരിട്ട് ബാധിക്കുന്ന ഗുരുതരമായ പ്രകൃതി പ്രതിഭാസമാണ്. ആയതിനാൽ, High Tide Line (HTL)-നെ അടിസ്ഥാനമാക്കി "കോസ്റ്റൽ ഹൈടൈഡ് ഫ്ളഡിംഗ് / സീ ഇൻകേർഷൻ (Coastal High-Tide Flooding / Sea Incursion)" എന്ന പ്രകൃതി പ്രതിഭാസം, നമ്മുടെ സംസ്ഥാനത്ത് DM Act പ്രകാരമുള്ള 'ദുരന്തം' എന്ന നിർവ്വചനത്തിന്റെ പരിധിയിൽ വരുന്നു. ആയതിനാൽ ഈ പ്രതിഭാസത്തെ സംസ്ഥാന സവിശേഷ ദുരന്തം (State Specific Disaster) ആയി പ്രഖ്യാപിക്കാവുന്നതാണ്. ഭൂവിനിയോഗത്തിലെ അപാകതകൾ (വെള്ളപ്പൊക്ക സമതലങ്ങളിൽ, പുഴ-ജലാശയ പുറമ്പോക്കുകളിൽ ഉള്ള വീടുകൾ/നിർമിതികൾ) മൂലവും പുഴകളിലും തടാകങ്ങളിലും എക്കൽ അടിഞ്ഞ് ആഴം കുറഞ്ഞത് മുതലായ കാരണങ്ങൾ മൂലവും വേലിയേറ്റ സമയത്ത് മുൻകാലങ്ങളിൽ ഉണ്ടായിട്ടില്ലാത്ത രീതിയിൽ വെള്ളപ്പൊക്ക പ്രശ്നങ്ങൾ ഇപ്പോൾ ഉണ്ടാകുന്നു. മഴ മൂലമുണ്ടാകുന്ന വെള്ളപ്പൊക്കത്തിന് വിരുദ്ധമായി, tidal flooding (വേലിയേറ്റം മൂലമുള്ള വെള്ളപ്പൊക്കം) വർഷത്തിലുടനീളം സംഭവിക്കാവുന്ന അപകടം ആണെന്നത് ഇതിനെ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കേണ്ടതിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

**7.** മേൽ വിഷയത്തിൽ തീരുമാനത്തിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

**(1).** High Tide Line (HTL) അതിക്രമിച്ച് കടൽഭാഗത്ത് നിന്ന് കരഭാഗത്തേക്ക് കടന്നുകയറുന്ന തിരമാലകളോ അതുവഴി ഉണ്ടാകുന്ന വെള്ളപ്പൊക്കമോ മൂലം ജീവനും സ്വത്തിനും ജീവനോപാധികൾക്കും അടിസ്ഥാനസൗകര്യങ്ങൾക്കും സംഭവിക്കുന്ന നാശനഷ്ടങ്ങളെ Coastal High-Tide Flooding / Sea Incursion എന്നു വിളിക്കുകയും, അതിനെ സംസ്ഥാന സവിശേഷ ദുരന്തം (State-Specific Disaster) എന്ന നിലയിൽ പ്രഖ്യാപിക്കുകയും ചെയ്യാമോ?

**(2).** (1) അംഗീകരിക്കുകയാണെങ്കിൽ SDRF മാനദണ്ഡ പ്രകാരവും 9/01/2025 ലെ സ.ഉ(കൈ)നം.1/25/ഡിഎംഡി ഉത്തരവ് പ്രകാരവും പ്രകൃതി ദുരന്തബാധിതർക്ക് നൽകുന്ന രീതിയിലുള്ള ധനസഹായം Coastal High-Tide Flooding / Sea Incursion ദുരന്തബാധിതർക്കും അനുവദിക്കാമോ?